**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1581 | 14.06.2013 ൽ മറുപടിയ്ക്ക് |

**അംഗൻവാടികൾ വഴി വിതരണം ചെയ്യുന്നപോഷകാഹാരങ്ങളുടെ വിശദാംശം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) പുതൂർ, ഷോളയാർ, അഗളി പഞ്ചായത്തുകളിലായി എത്ര അംഗൻവാടികളാണ് നിലവിലുള്ളത്; | (എ) പുതൂർ, ഷോളയാർ, അഗളി പഞ്ചായത്തുകളിലായി ആകെ 172 അംഗൻവാടികൾ നിലവിലുണ്ട്.<br>പുതൂർ – 55<br>ഷോളയാർ – 54<br>അഗളി – 63<br>----<br>172 |
| (ബി) ഈ അംഗൻവാടികളിൽ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ ഏതെല്ലാം; | (ബി) താഴെപ്പറയുന്ന രജിസ്റ്ററുകൾ അംഗൻവാടികളിൽ സൂക്ഷിക്കേണ്ടതാണ്. 1) സർവ്വേ രജിസ്റ്റർ 2) ഗ്രോത്ത് ചാർട്ട് 3) ഇമ്മ്യുണൈസേഷൻ രജിസ്റ്റർ 4) അറ്റന്റൻസ് രജിസ്റ്റർ, ഫുഡ് സ്റ്റോക്ക് രജിസ്റ്റർ, ഗർഭിണികളുടെയും അമ്മമാരുടെയും രജിസ്റ്റർ 5) ജനന രജിസ്റ്റർ 6) മരണ രജിസ്റ്റർ 7) ഐജിഎംഎസ് വൈ 8) മദേഴ്സ് മീറ്റിംഗ് രജിസ്റ്റർ 9) അഡോളസന്റ് ഗേൾസ് മീറ്റിംഗ് രജിസ്റ്റർ 10) വെൽഫയർ കമ്മറ്റി മീറ്റിംഗ് രജിസ്റ്റർ 11) ഇൻസ്പെക്ഷൻ രജിസ്റ്റർ 12) വിസിറ്റേഴ്സ് രജിസ്റ്റർ 13) മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ 14) ടിഎച്ച്ആർഎസ് രജിസ്റ്റർ 15) ഡബ്ല്യുബിഎൻപി രജിസ്റ്റർ 16) അസറ്റ് രജിസ്റ്റർ 17) മൂവ്മെന്റ് രജിസ്റ്റർ 18) വിറക് |

| | |
|---|---|
| | ഇഷ്യൂ രജിസ്റ്റർ 19) Condiment Register 20) സബല ഫുഡ് സ്റ്റോക്ക് രജിസ്റ്റർ 21) ഫ്ളക്സി ഫണ്ട് രജിസ്റ്റർ 22) ഗുണഭോക്താക്കളുടെ രജിസ്റ്റർ 23) വാർഡ്തല ജാഗ്രതാ സമിതി രജിസ്റ്റർ 24) IWBP രജിസ്റ്റർ 25) MPR OC രജിസ്റ്റർ 26) ചിൽഡ്രൻസ് രജിസ്റ്റർ 27) Malnourished Children Register |
| (സി) ഈ അംഗൻവാടികൾ മുഖേന എത്ര പേർക്കാണ് ഏപ്രിൽ മാസത്തിൽ പോഷകാഹാരം വിതരണം ചെയ്തത്; | (സി) 4074 പേർക്കാണ് ഏപ്രിൽ മാസം പോഷകാഹാരം വിതരണം ചെയതത്. |
| (ഡി) അംഗൻവാടികൾ വഴി നിലവിൽ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ ഏതൊക്കെ; രണ്ട് മാസം മുമ്പ് വരെ വിതരണം ചെയ്തിരുന്നത് ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) നിലവിൽ അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണം താഴെപ്പറയുന്നവയാണ് . രാവിലെ 10 മണിയ്ക്ക് പാൽ,പഴം,മുട്ട എന്നിവ ഒന്നിടവിട്ട ദിവസങ്ങളിൽ വിതരണം ചെയ്യുന്നു. എല്ലാ ദിവസവും ഉച്ചയ്ക്ക് അരിയും ചെറുപയറും ചേർത്ത് ഉച്ചക്കഞ്ഞി+ ഉപ്പേരി, 3 മണിയ്ക്ക് പച്ചക്കറി ചേർത്ത് ഉപ്പ് മാവ് (നുറുക്ക് ഗോതമ്പ്), പായസം, ചെറുപയർ, ശർക്കര, തേങ്ങ വിളയിച്ചത് ഒന്നിടവിട്ട ദിവസങ്ങളിൽ നൽകുന്നു.<br>6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അമൃതം പൊടി പായ്ക്കറ്റ് ഓരോ മാസത്തേയ്ക്കും നൽകുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് 1/2 കിലോഗ്രാം റാഗി, 1 കിലോഗ്രാം ഗോതമ്പ് പൊടി, 1/2 കിലോഗ്രാം ശർക്കര, 1/4 കിലോഗ്രാം കടല എന്നിവയടങ്ങിയ സബല കിറ്റ് നൽകുന്നു.<br>പാലും പഴവും മുട്ടയും സബല കിറ്റും ഒഴികെ, ബാക്കി മേൽപ്പറഞ്ഞ എല്ലാ ഭക്ഷണവും മെയ്മാസം വരെ നൽകിയിരുന്നു. സബല കിറ്റിന് പകരം കൗമാരപ്രായക്കാരായ |

<table>
<tr><td></td><td>പെൺകുട്ടികൾക്ക് പാകം ചെയ്ത ഭക്ഷണം നൽകിയിരുന്നു.</td></tr>
<tr><td>(ഇ) ഈ പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്ന ഏജൻസി ഏതാണ്; ഏജൻസിയെ നിയമിക്കുന്നത് ആരാണ്;</td><td>(ഇ) നീതി സ്റ്റോർ വഴി, അതാത് പഞ്ചായത്ത് തീരുമാനം അനുസരിച്ച് ഓരോ വർഷവും പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നു.</td></tr>
<tr><td>(എഫ്) 2011–12, 2012–13 സാമ്പത്തിക വർഷങ്ങളിൽ ഈ വകയിൽ എത്ര തുകയാണ് ഏജൻസിക്ക് നൽകിയത്;</td><td>(എഫ്) 2011–12,2012–13 സാമ്പത്തിക വർഷങ്ങളിൽ ഈ വകയിൽ നൽകിയ തുക താഴെചേർക്കുന്നു.<br><br><u>2011–12</u>
<table>
<tr><th></th><th>നീതി സ്റ്റോർ</th><th>അമൃതം ന്യൂട്രിമിക്സിനായി കുടുംബശ്രീയ്ക്ക് നൽകിയ തുക</th></tr>
<tr><td>അഗളി പഞ്ചായത്ത്</td><td>28,97,090 രൂപ</td><td>13,67,868 രൂപ</td></tr>
<tr><td>പുതൂർ പഞ്ചായത്ത്</td><td>19,00,000 രൂപ</td><td>8,55,000 രൂപ</td></tr>
<tr><td>ഷോളയാർ പഞ്ചായത്ത്</td><td>18,05,418 രൂപ</td><td>8,00,610 രൂപ</td></tr>
</table>
<br><u>2012–13</u>
<table>
<tr><th></th><th>നീതി സ്റ്റോർ</th><th>അമൃതം ന്യൂട്രിമിക്സിനായി കുടുംബശ്രീയ്ക്ക് നൽകിയ തുക</th></tr>
<tr><td>അഗളി പഞ്ചായത്ത്</td><td>2,97,540 രൂപ</td><td>11,36,449 രൂപ</td></tr>
<tr><td>പുതൂർ പഞ്ചായത്ത്</td><td>19,22,000 രൂപ</td><td>9,65,000 രൂപ</td></tr>
<tr><td>ഷോളയാർ പഞ്ചായത്ത്</td><td>19,08,500 രൂപ</td><td>9,50,000 രൂപ</td></tr>
</table>
</td></tr>
<tr><td>(ജി) ഈ വകയിൽ ഇനിയും തുക നൽകാനുണ്ടോ; വിശദാംശം നൽകുമോ?</td><td>(ജി) ഈ ഇനത്തിൽ ഇനി തുക നൽകുവാനില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ